# ‘യഥാസ്ഥാനപ്പെടുത്തുന്ന ദൈവീകശക്തി’

## 1 പത്രോസ് 5:10,11

‘‘എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യ തേജസ്സിനായി വിളിച്ചിരിക്കുന്നു. സർവ്വകൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും. ബലം എന്നെന്നേക്കും അവനുള്ളത്. ആമേൻ’’.

ജീവിതത്തിന്റെ പരിപൂർണ്ണമായ സുഖവും, സന്തോഷവും അനുകൂലമായ ഘടകങ്ങളും മാത്രം ഇന്ന് മനുഷ്യൻ ആഗ്രഹിക്കുന്നു. അതിനായി ഏതുമാർഗ്ഗവും സ്വീകരിക്കാൻ ലോകത്തിനു മടിയുമില്ല. അത് നന്മയോ തിന്മയോ എന്ന് അറിയാനുള്ള താല്പര്യം പോലുമില്ല. ആയിരിക്കുന്ന ജീവിതാനുഭവങ്ങളുടെ അഭിവൃദ്ധിയിൽ നിന്നും സുഖലോലുപതയിൽ നിന്നും അല്പമൊരു വ്യതിയാനം ഇന്നു മനുഷ്യനു ചിന്തിക്കാൻ പോലും വയ്യ. അങ്ങനെയുള്ള ഒരു കാലഘട്ടത്തിന്റെ മധ്യത്തിലും ദൈവപൈതലിന്റെ മാത്രം പ്രത്യാശയാകുന്നു ഈ കുറിവാക്യം. അതേ, ‘‘യഥാസ്ഥാനപ്പെടുത്തുന്ന ദൈവികശക്തി’’.

ജയത്തോടെ വിശ്വാസജീവിതമാകുന്ന യുദ്ധക്കളം ജയിക്കാൻ വിളിച്ച വിശ്വാസിക്ക് യുദ്ധം നേരിടേണം എന്നത് ഉറപ്പായ സത്യം ആകുന്നു. യുദ്ധത്തിനിടയിൽ ചെറുതും വലുതുമായ ചില വീഴ്ചകൾ, തോൽവികൾ വരുമ്പോൾ പതറിപ്പോകാതെ വീണ്ടും പോരാടണം എന്നത് ദൈവഹിതം. ‘‘യഥാസ്ഥാനപ്പെടുത്തുന്ന ദൈവികശക്തി’’ യുടെ പ്രാധാന്യം ഇവിടെ ആകുന്നു. ഒരു ദൈവപൈതലിന് ഈ ശക്തിയിൽ ആശ്രയിച്ചേ ജീവിക്കാൻ സാധിക്കൂ. ‘ആമേൻ’ എന്ന വാക്കിന്റെ പ്രസക്തിയും അതുതന്നെ. ബലം എന്നെന്നേക്കും അവനുള്ളത് എന്ന ദൈവികസത്യം എല്ലാ മനുഷ്യർക്കും അറിയാം. പിശാചിനും അറിയാം. എന്നാൽ ഈ സത്യത്തിനുമേൽ ‘ആമേൻ’ പറയാൻ അതിൽ ആശ്രയിക്കുന്ന ദൈവപൈതലിനേ കഴിയൂ. ആമേൻ പറയുമ്പോൾ അങ്ങനെതന്നെ എന്ന ദൈവികസത്യത്തോട് നാമും കൂടിച്ചേരുന്ന ഒരനുഭവം. അതേ ‘ആമേൻ’ പറയുന്ന ദൈവമക്കളെ ശക്തീകരിച്ച് യഥാസ്ഥാനപ്പെടുത്തുന്ന ദൈവകൃപയെ ഓർത്ത് സ്തോത്രം ചെയ്യാം.

ഒരു machine അഥവാ അതുപോലുള്ള ഏതെങ്കിലും ഉപകരണങ്ങൾ ദീർഘനാൾ കേടുകൂടാതെ പ്രവർത്തിക്കണം എന്നുള്ളതാണ് അവയുടെ ഉപഭോക്താവിന്റെ ആഗ്രഹം. എന്നാൽ തക്കസമയത്ത് വേണ്ട അറ്റകുറ്റപ്പണികൾ ചെയ്തില്ല എങ്കിൽ പ്രവർത്തനം നിൽക്കും. ഒരു screw അല്പമൊന്നു യഥാസ്ഥാനത്തുനിന്നും ഇളകിയാൽ മതി കാര്യ

ക്ഷമമായി പ്രവർത്തിക്കാൻ പിന്നീടു കഴിയില്ല. വീണ്ടും അതിനെ സൂക്ഷമമായി പരിശോധിച്ച് അതിനുവേണ്ട മിനുക്കുപണി നാം ചെയ്യണം.

ഇതുപോലെതന്നെയാകുന്നു പ്രിയരെ, ദൈവപൈതലിന്റെ ജീവിതാനുഭവം. ദൈനംദിന ജീവിതത്തിന്റെ ഓട്ടത്തിനിടയിൽ ചിലപ്പോൾ ഇടറിവീഴും, ബലഹീനപ്പെടും, പതറിപ്പോകും, രോഗഭാരങ്ങളാൽ അലഞ്ഞെന്നുവരാം. അങ്ങനെ എന്തും ആകട്ടെ. ഏതു സാഹചര്യങ്ങളിലും ദൈവികസമാധാനം അനുഭവിക്കാൻ കഴിയാതെ നമ്മെ തകർക്കുന്ന ശക്തികൾ കടന്നുവരും. അപ്പോൾ ബലം ക്ഷയിക്കും. ശക്തിയില്ലാതെ ശൂന്യമായ അനുഭവം ഉണ്ടായെന്നുവരും. ഇളക്കംതട്ടിയ ജീവിതാനുഭവങ്ങളുടെമേൽ യഥാസ്ഥാനപ്പെടുത്തുന്ന ദൈവികശക്തി പകരുവാൻ നമുക്കു പ്രാർത്ഥിക്കാം. വചനം പഠിപ്പിക്കുന്നതുപോലെ ‘നിത്യതേജസിനായിട്ടുള്ള ഒരു വിളി’ ആണ് അവൻ നമുക്ക് തന്നിരിക്കുന്നത്. സർവ്വകൃപാലുവായ ദൈവത്തിന്റെ വൻകൃപ എത്ര അധികം.

പരാമർശം :

യെശയ്യാവു 40:28,29

യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നല്കുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 097